പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.553 05.06.2018-ൽ മറുപടിയ്ക്ക്

## ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം ഉണ്ടായ വരുമാന നഷ്ടം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ 27860.99 കോടി രൂപ (ജി.എസ്.ടി.യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) ലഭിച്ചു. മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിലെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 16 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാന ഖജനാവിന് നഷ്ടം സംഭവിയ്ക്കാതിരിയ്ക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1 കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റംസ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>4. റിട്ടേൺ സ്കൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>7. ഓഡിറ്റ് അസസ്മെന്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>8. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>9. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>10. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>11. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. |
| (സി) | വരുമാന നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ? | (സി) | ജി.എസ്.ടിയുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ്വയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന്, നിലവിൽ പരിമിതികളുണ്ട്. GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

1

സെക്ഷൻ ഓഫീസർ